# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2181 07/07/2015-ൽ മറുപടിക്ക്

## എൻ ഊര് പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.ശശി : | | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | വയനാട്ടിലെ 'എൻ ഊര് ' പദ്ധതിക്ക് ഇതുവരെ എത്ര രൂപ ചെലവഴിച്ചു; ഇതിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; | (എ) | 'എൻ ഊര് ' പദ്ധതിക്കായി നാളിതുവരെ 67,31,482/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ ആദ്യഘട്ടത്തിൽ ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ കം ഓഫീസ്, ട്രൈബൽ മാർക്കറ്റ്, ട്രൈബൽ കഫ്റ്റീരിയ, വെയർ ഹൗസ്, റോഡുകൾ എന്നിവയുടെ നിർമ്മാണമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. |
| (ബി) | ഇതിൽ എന്തെല്ലാം പ്രവർത്തനങ്ങൾ നടപ്പാക്കി; വിശദാംശം ലഭ്യമാക്കാമോ ; നാളിതുവരെ എത്ര രൂപ ഈ പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചുവെന്നും പറയാമോ ; | (ബി) | കാർഷിക വനവിഭവങ്ങൾ, പട്ടികവർഗ്ഗ കരകൗശല വസ്തുക്കൾ എന്നിവയുടെ വിപണനം, ടൂറിസം മേഖല പരിചയപ്പെടുത്തുക എന്നിവയിലൂടെ പട്ടികവർഗ്ഗക്കാർക്ക് മെച്ചപ്പെട്ട ജീവിത മാർഗ്ഗം ഒരുക്കുന്നതിനും, സർവ്വോപരി മേൽ വിഭാഗത്തിന്റെ സ്വയം പര്യാപ്തതയുടെ ശാക്തീകരണവും 'എൻ ഊര് ' പദ്ധതി വിഭാവനം ചെയ്യുന്നു. പദ്ധതിയുടെ താല്ക്കാലിക ഓഫീസ് സജ്ജീകരണം, പദ്ധതി ഭൂമിയുടെ കോണ്ടൂർ സർവ്വെ, പദ്ധതിയ്ക്കാവശ്യമായ ഉറവിടങ്ങൾ കണ്ടെത്തുന്നതിനുള്ള സർവ്വെ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ ഗുണവശങ്ങൾ ആദിവാസി സമൂഹത്തെ ബോധ്യപ്പെടുത്തുന്നതിനുള്ള നടപടികൾ കമ്മിറ്റഡ് സോഷ്യൽ വർക്കർമാർ, എസ്.റ്റി. പ്രൊമോട്ടർമാർ എന്നിവരുടെ പങ്കാളിത്തത്തോടെ നടന്നുവരുന്നു. ടൂറിസ്റ്റ് കേന്ദ്രങ്ങളോടനുബന്ധിച്ച് 'എൻ ഊര് ' സ്റ്റാളുകൾ ഒരുക്കുന്നതിനുള്ള പ്രവർത്തനവും പുരോഗമിക്കുന്നു. കൂടാതെ പദ്ധതി നിർമ്മാണ പ്രവർത്തനങ്ങൾ ജില്ലാ നിർമ്മിതി കേന്ദ്രം ആരംഭിച്ചിട്ടുണ്ട്. പദ്ധതിയ്ക്കായി നാളിതുവരെ 67,31,482/- രൂപ വിനിയോഗിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിക്കായി എത്ര ഏക്കർ വനഭൂമി ഏറ്റെടുത്തു; ഇതിന് പരിസ്ഥിതി വനം മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ ? | (സി) | റവന്യൂ (പി) വകുപ്പിന്റെ ജി.ഒ (എം.എസ്) നം. 476/94/ആർ തീയതി 12.09.1994 പ്രകാരം മാനന്തവാടി ട്രൈബൽ പ്ലാന്റേഷൻ കോ-ഓപ്പറേറ്റീവ് ലിമിറ്റഡിന് അനുവദിക്കപ്പെട്ടതും, |

| | | | |
|---|---|---|---|
| | | | വൈത്തിരി താലൂക്ക്, കുന്നത്തിടവക വില്ലേജ്, ബ്ലോക്ക് 25, റീസർവ്വെ 122 ൽ പെടുന്നതുമായ 100 ഹെക്ടർ പ്രിയദർശിനി തേയിലത്തോട്ടത്തിൽ ഉൾപ്പെട്ട 10 ഹെക്ടർ ഭൂമിയാണ് പ്ലാന്റേഷൻ കോ-ഓപ്പറേറ്റീവ് ഭരണ സമിതി യോഗ തീരുമാന പ്രകാരം 'എൻ ഊര്' പദ്ധതിയ്ക്കായി കണ്ടെത്തിയിട്ടുള്ളത്. പദ്ധതിയ്ക്കായി വനഭൂമി ഏറ്റെടുത്തിട്ടില്ല. |

**സെക്ഷൻ ഓഫീസർ**